# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1535** **03.12.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തിന്റെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വില്പനക്കെത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കാജനകമായ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഫിഷറീസ് വകുപ്പ് നേരിട്ടോ അവർ ചുമതലപ്പെടുത്തുന്ന ഏജൻസികൾ മുഖാന്തരമോ രാസവസ്തുക്കൾ കലരാത്ത മത്സ്യം ലഭ്യമാക്കുന്ന കാര്യം ആലോചിക്കുമോ; | ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിന്റെ 31 ഫിഷ് മാർട്ടുകളും ഒരു മൊബൈൽ ഫിഷ് യൂണിറ്റും മുഖേന ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യവിൽപ്പന നടത്തി വരുന്നു. |
| സി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഐസിൽ ഫാക്ടറികളിൽ വച്ച് രാസവസ്തുക്കൾ ചേർക്കുന്നതിനാൽ പ്രസ്തുത ഫാക്ടറികളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തി ഐസിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) സംസ്ഥാനത്തെ ഐസ് പ്ലാന്റുകൾക്ക് പ്രവർത്തനാനുമതി നൽകുന്നതും അവയിൽ പരിശോധന നടത്തുന്നതും ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ആണ്. ടി വകുപ്പ് മുഖേന പരിശോധനകൾ നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയ ഐസ് പ്രയോജനപ്പെടുത്തണമെന്ന് വകുപ്പ് നിഷ്കർഷിക്കാറുണ്ട്. മത്സ്യവിൽപ്പനയിലും വിപണനത്തിലും ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉതകുന്ന നിയമനിർമ്മാണം പരിഗണനയിലാണ്. |

**സെക്ഷൻ ആഫീസർ**